# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4883 26.06.2019 -ലെ മറുപടിയ്ക്ക്**

## കാലടി ശ്രീ.ശങ്കരാചാര്യ സർവ്വകലാശാലയിലെ ക്രമവിരുദ്ധമായ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | കാലടി ശ്രീ.ശങ്കരാചാര്യ സർവ്വകലാശാലയ്ക്ക് നൽകിയ പ്രളയ ഫണ്ട് ഉപയോഗിച്ച് യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ അനാവശ്യമായി ഫർണിച്ചറുകളും, ഇലക്ട്രിക് ഉപകരണങ്ങളും വാങ്ങിക്കൂട്ടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സർവ്വകലാശാലയിൽ പ്രളയ ഫണ്ടുപയോഗിച്ച് പ്രളയം മൂലം നഷ്ടമായ വാഹനങ്ങൾക്കു പകരമായി മൂന്നു വാഹനങ്ങൾ വാങ്ങുന്ന നടപടി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഇത് ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചാണ് ചെയ്തിട്ടുള്ളത്. പ്രളയം മൂലം നഷ്ടമായ ഫർണിച്ചർ, ഉപകരണങ്ങൾ മുതലായവയ്ക്കു പകരം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (ബി) | സർവകലാശാലയിലെ പല നിർമ്മാണ പ്രവൃത്തികളും അനന്തമായി നീണ്ടുപോയിട്ടും കരാറുകാർക്ക് അനധികൃതമായി സമയപരിധി നീട്ടിക്കൊടുക്കുന്ന നടപടിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഇല്ല; പ്രളയം മൂലവും മറ്റു അവിചാരിത കാരണങ്ങളാലും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത നിർമ്മാണ പ്രവൃത്തികളുടെ കാലാവധി എഗ്രിമെന്റ് വ്യവസ്ഥകൾക്കു വിധേയമായിട്ടാണ് ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. പ്രവൃത്തികൾ സമയബന്ധിതമായി തന്നെ പൂർത്തിയാക്കുന്നതിനുള്ള കർശന നിർദ്ദേശവും കരാറുകാർക്കു നൽകിയിട്ടുണ്ട്. പ്രധാന രണ്ടു പ്രവൃത്തികൾ (ലാംഗേജ് ബ്ലോക്ക്, ജീവനക്കാരുടെ ക്വാർട്ടേഴ്സ്) പൂർത്തീകരിച്ചിട്ടുമുണ്ട്. |
| (സി) | സർവകാലാശാലാ ലൈബ്രറിയ്ക്കായി 2011-12 സാമ്പത്തിക വർഷത്തിൽ നടത്തിയ ജേണൽ പർച്ചേസുമായി ബന്ധപ്പെട്ട അഴിമതിയിൽ പങ്കുള്ളതായി ധനകാര്യ വകുപ്പിന്റെ അന്വേഷണ വിഭാഗം കണ്ടെത്തിയ ലൈബ്രറിയിലെ റഫറൻസ് | (സി) & (ഡി) | ധനകാര്യ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള റഫറൻസ് അസിസ്റ്റന്റിനെതിരെ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്താൻ കഴിയാത്തതിനാൽ |

| | | | |
|---|---|---|---|
| | അസിസ്റ്റന്റിന്, ഐ.ടി. വിഭാഗത്തിന്റെ ചുമതലയും, സകല പർച്ചേസുകളുടെയും മേൽനോട്ടച്ചുമതലയും നൽകിയത് അന്വേഷിച്ച് നടപടിയെടുത്തിട്ടുണ്ടോ ; | | തുടർനടപടികൾ ആവശ്യമില്ല എന്ന് വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ? | | |

സെക്ഷൻ ഓഫീസർ.